# കൊല്ലം ജില്ലാ കളക്ടറുടെ സന്ദേശം

ബഹുമാന്യരേ!

എല്ലാവർക്കും നമസ്ക്കാരം

നമ്മുടെ ജനാധിപത്യ രാജ്യം ഒരു പൊതുതിരഞ്ഞെടുപ്പിലേക്കുകൂടി പ്രവേശിക്കുകയാണ്. ഇന്ത്യയുടെ നീതിയുക്തവും സുതാര്യവുമായ തെരഞ്ഞെടുപ്പ് പ്രക്രിയ ലോക രാഷ്ട്രങ്ങൾക്ക് തന്നെ മാതൃകയാണ്.

വോട്ട് ഒരു പൗരന്റെ അവകാശവും അധികാരവുമാണ്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയ്ക്ക് ഓരോവോട്ടും വിലപ്പെട്ടതും അമൂല്യവുമാണ്. അത് പാഴാക്കുവാൻ പാടില്ല.

2019 ഏപ്രില് 23 തീയതി നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുളള എല്ലാവരും വോട്ട് ചെയ്യണമെന്നും മറ്റുളളവരെ പ്രേരിപ്പിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. രേഖപ്പെടുത്തുന്ന ഓരോ വോട്ടും കാണുവാൻ സഹായിക്കുന്ന VVPAT യന്ത്രവും ഈ തെരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നു. കൂടാതെ ഈ തെരഞ്ഞെടുപ്പ് ഹരിത തിരഞ്ഞെടുപ്പാക്കി നമ്മൾക്ക് നടത്തേണ്ടതുണ്ട്. അതിനുവേണ്ടി നിങ്ങൾ ഓരോരുത്തരും പ്രവർത്തിക്കുമെന്നും മറ്റുളളവരെ പ്രചോദിപ്പിക്കുകയും ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ഇന്ത്യ വോട്ട് ചെയ്യുന്നു.
കൊല്ലം വോട്ട് ചെയ്യുന്നു.
നമ്മൾ വോട്ട് ചെയ്യും.

രാജ്യ സേവനത്തിനുള്ള അവസരം ഉപയോഗിക്കൂ

ജയ് ഹിന്ദ്

എന്ന്
ഡോ . എസ് . കാർത്തികേയൻ ഐ.എ.എസ്